"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് - 'വാഹനം വാങ്ങൽ' പദ്ധതി- 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷനിൽ നിന്നും 16 വാഹനങ്ങളുടെ തുകയായ 1,58,84,784/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഡി) വകുപ്പ്**

G.O.(Rt)No.503/2024/TAXES തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.172/2024/നികുതി തീയതി 26.02.2024
2. സ.ഉ.(സാധാ)നം.288/2024/നികുതി തീയതി 19.03.2024
3. 05.04.2024-ലെ സംസ്ഥാന നികുതി കമ്മീഷണറുടെ സി.റ്റി./6306/2022-ഫിൻ എ3 നമ്പർ കത്ത്.

**ഉത്തരവ്**

10 ലക്ഷം രൂപയിൽ അധികരിക്കാത്ത 20 വാഹങ്ങൾ 2043-00-001-97-21-01 PV എന്ന ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ച് വാങ്ങുന്നതിന് പരാമർശം (1),(2) എന്നിവ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2) 20 Mahindra Bolero Neo N4 O BS6.2 വാഹനങ്ങൾ വാങ്ങുന്നതിനുള്ള പർച്ചെയ്സ് ഓർഡർ GeM വഴി നൽകിയിരുന്നുവെന്നും ഓർഡർ നൽകിയിരുന്ന 20 വാഹനങ്ങളിൽ 16 വാഹനങ്ങൾ 25.03.2024 ൽ മഹീന്ദ്ര നൽകുകയും വാഹനങ്ങളുടെ വിലയായി 1,58,84,784/-രൂപയുടെ ഇൻവോയ്സ് സമർപ്പിച്ചുവെന്നും പ്രസ്തുത തുക മാറി നൽകുന്നതിലേയ്ക്കായി ബിൽ തയ്യാറാക്കുകയും WAMS ക്ലീറൻസ് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ സാങ്കേതിക തടസ്സം കാരണം ബിൽ ട്രഷറിയിൽ e-submit ചെയ്യാൻ സാധിക്കാത്തതിനാൽ പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ GeM വഴി വാങ്ങിയ 16 വാഹനങ്ങളുടെ തുകയായ 1,58,84,784/-രൂപ 2043-00-001-97-21-01 PV എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും സംസ്ഥാന നികുതി കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം(2023-24) അനുമതി ലഭിച്ചിരുന്ന സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ 'വാഹനം വാങ്ങൽ എന്ന പദ്ധതിക്ക് 2024-25 നടപ്പ് സാമ്പത്തിക വർഷത്തിലെ 'വാഹനം വാങ്ങൽ' എന്ന പദ്ധതിയുടെ വിഹിതമായ 380.00 ലക്ഷം രൂപയിൽ നിന്നും Mahindra Bolero Neo N4 O BS6.2 വാങ്ങുന്നതിന്

GeM മുഖാന്തിരം ഓർഡർ നല്കിയിരുന്നതിൽ, ലഭിച്ച 16 വാഹനങ്ങളുടെ മൊത്തം തുകയായ **1,58,84,784/-** രൂപ (ഒരു കോടി അൻപത്തിയെട്ട് ലക്ഷത്തി എൺപത്തിനാലായിരത്തി എഴുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) 2043-00-001-97-21-01 PV എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ K
JOINT SECRETARY

സംസ്ഥാന നികുതി കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (നം.2506064 വ്യയം-ബി1/390/2023 തീയതി 25.04.2024)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (**PLGEA-A2/99/2024-PLGEA(E-2790681** തീയതി 28.05.2024)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഡി3/82/2024-നികുതി പാർട്ട് (2)

ഉത്തരവിൻ പ്രകാരം

Signed by
Retty P Thomas
Date: 11-06-2024 11:26:59
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്